"ഭരണഭാഷ - മാതൃഭാഷ"

നം: ക്യൂ.ഐ.പി 1/9141/2020/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 22/01/2021

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം-സ്കൂൾ പ്രവർത്തനം-കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന:- 1) 15/12/2020 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ
2) 24/12/2020 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശങ്ങൾ
3) 18/01/2020 തീയതിയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന ഓൺലൈൻ മീറ്റിംഗിലെ തീരുമാനം
4) സർക്കാർ ഉത്തരവ് (കൈ) നം. 16/2021/പൊ.ഭ.വ തീയതി, 13/01/2021

****

10,12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സംശയനിവാരണത്തിനും, ഡിജിറ്റൽ ക്ലാസ്സുകളുടെ തുടർ പ്രവർത്തനങ്ങൾക്കും, മാതൃകാ പരീക്ഷകൾക്കുമായി രക്ഷകർത്താക്കളുടെ സമ്മതത്തോടെ 2021 ജനുവരി 1 മുതൽ സ്കൂളിൽ എത്തിച്ചേരാവുന്നതാണെന്നും സ്കൂൾ തലത്തിൽ സ്വീകരിക്കേണ്ട മുൻ കരുതലുകൾ സംബന്ധിച്ചുമുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (2) പ്രകാരം നൽകിയിരുന്നു.

നിലവിൽ 10, 12 ക്ലാസ്സുകളിലെ കുട്ടികൾ സ്കൂളുകളിലേയ്ക്ക് കടന്നു വന്നതിനുശേഷമുള്ള സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി ആർ.ഡി.ഡി/ഡി.ഡി.ഇ/എ.ഡി എന്നിവരുമായി 11/01/2021 ൽ ഒരു അവലോകന യോഗം ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (2) ലെ നിർദ്ദേശങ്ങളിൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തിയതായി അറിയിക്കുകയും ചെയ്യുന്നു.

1. നിലവിൽ ഒരു ബഞ്ചിൽ ഒരു കുട്ടി എന്ന നിലയിലാണ് ക്ലാസ്സുകളിൽ കുട്ടികളെ ക്രമീകരിച്ചിരിക്കുന്നത്. ആയത് ഒരു ബഞ്ചിൽ പരാമവധി 2 കുട്ടികൾ എന്ന നിലയിൽ ക്രമീകരിക്കാവുന്നതാണ്.
2. 100 ൽ താഴെ കുട്ടികൾ ഉള്ള സ്കൂളുകളിൽ എല്ലാ കുട്ടികൾക്കും ഒരേ സമയം വരാവുന്നതും ക്ലാസ്സിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കുട്ടികളെ വിന്യസിക്കേണ്ടതുമാണ്.
3. 100 ൽ കൂടുതൽ കുട്ടികൾ ഉള്ള സ്കൂളുകളിൽ ഒരേ സമയം പരമാവധി 50% വരുന്ന രീതിയിൽ കുട്ടികളെ ക്രമീകരിക്കാവുന്നതാണ്. ക്ലാസ്സിനുള്ളിലും സ്കൂൾ പരിസരങ്ങളിലും പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
4. നിലവിലെ നിർദ്ദേശത്തിൽ രാവിലെയും ഉച്ചകഴിഞ്ഞും കുട്ടികൾ വരുന്ന രീതിയിലാണ് സ്കൂളുകളിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്.

എന്നാൽ ഗതാഗത സൗകര്യത്തിന്റെ അഭാവത്തിൽ യാത്രാ സംബന്ധമായും കുട്ടികൾക്ക് അസൗകര്യങ്ങൾ ഉണ്ടാകുന്നു എന്ന് ഓഫീസർമാർ അഭിപ്രായപ്പെട്ടിരുന്നു. ആയതിനാൽ രാവിലെ സ്കൂളിൽ എത്തുന്ന കുട്ടികളെ വൈകുന്നേരം വരെ സ്കൂളിൽ ഇരുത്തുന്നതിന് ആവശ്യമെങ്കിൽ അനുവാദം നൽകുന്നതിന് പ്രഥമാധ്യാപകർക്ക് നിർദ്ദേശം നൽകുന്നു. ഈ ഘട്ടത്തിൽ ആവശ്യമെങ്കിൽ കുട്ടികൾ ഒന്നിടവിട്ട ദിവസം വരുന്നതിന് ക്രമീകരണം ഏർപ്പെടുത്താവുന്നതാണ്.

5. വീടുകളിൽ നിന്നും കൊണ്ടുവരുന്ന ഭക്ഷണവും വെള്ളവും അവർ ഇരിക്കുന്ന സീറ്റുകളിൽ തന്നെ (ബഞ്ചുകളിൽ പരമാവധി 2 കുട്ടികൾ) ഇരുന്ന് കഴിക്കുന്നു എന്ന് ഉറപ്പു വരുത്തണം. കൈ കഴുകുന്ന സ്ഥലത്ത് ഹാൻഡ് വാഷ് ഉണ്ടാകുകയും കുട്ടികൾ കൂട്ടം കൂടി നിൽക്കുന്നില്ല എന്നും ഉറപ്പു വരുത്തുകയും ചെയ്യുക. കോവിഡ് വ്യാപനം ഉണ്ടാകാത്ത രീതിയിൽ സ്കൂളിന്റെ തനതു സാഹചര്യമനുസരിച്ചുള്ള സംവിധാനം പ്രിൻസിപ്പൽമാർ/പ്രഥമാധ്യാപകർ ഉറപ്പു വരുത്തണം.
6. സൂചന (4) സർക്കാർ ഉത്തരവ് പ്രകാരം ശനിയാഴ്ചകൾ ഓഫീസ് പ്രവർത്തി ദിവസമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. കുട്ടികൾക്ക് സംശയ നിവാരണത്തിനും മറ്റ് പ്രവർത്തനങ്ങൾക്കും കൂടുതൽ സമയം നൽകുന്നത് ഗുണപ്രദമാകുമെന്ന് മീറ്റിംഗ് വിലയിരുത്തിയതിനാൽ ശനിയാഴ്ച ദിവസം കുട്ടികൾക്ക് സ്കൂളിലേയ്ക്ക് വരുന്നതിന് നിലവിലെ ക്രമീകരണങ്ങൾ പ്രകാരം പ്രഥമാധ്യാപകർക്ക് അവസരം ഒരുക്കാവുന്നതാണ്.
7. സർക്കാർ ഉത്തരവ് (സാധാ) നം. 814/2020/ഡി.എം.ഡി തീയതി, 14/10/2020, സർക്കാർ ഉത്തരവ് (സാധാ) നം. 964/2020/ഡി.എം.ഡി തീയതി, 10/12/2020, എന്നിവ പ്രകാരം 'വർക്ക് ഫ്രം ഹോം' ആനുകൂല്യം ലഭ്യമല്ലാത്ത 10, 12 ക്ലാസ്സുകളിലെ എല്ലാ അധ്യാപകരും സ്കൂളുകളിൽ ഹാജരാകേണ്ടതും അല്ലാത്ത പക്ഷം പ്രഥമാധ്യാപകർ ആർ.ഡി.ഡി/ഡി.ഡി.ഇ എന്നിവർക്ക് റിപ്പോർട്ട് നൽകി തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ 25/01/2021 മുതൽ സ്കൂളുകളിൽ നടപ്പിലാക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ റീജീയണൽ ഡെപ്യൂട്ടി ഡയറക്ടർമാരും (ഹയർ സെക്കന്ററി വിഭാഗം)
3. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാരും (വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം)
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർ/പ്രിൻസിപ്പൽമാർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

ബി.ഒ